കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പത്താം സമ്മേളനം

1999 ഏപ്രിൽ 13, ചൊവ്വ

വാല്യം 107] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 1999 ഏപ്രിൽ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ,.....

1 (*308) കയർ വ്യവസായ മേഖലയുടെ വികസനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കേരളത്തിലെ കയർ വ്യവസായവും സഹകരണ മേഖലയും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കയർ സഹകരണസംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കി കൂടുതൽ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിനും സഹകരണ മേഖലയിലെ ഉൽപ്പാദനം പൂർണ്ണമായും ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ ഭാഗികമായും സംഭരിച്ച് വിപണനം നടത്തുന്നതിനും വൈവിധ്യമാർന്ന പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കയർതൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുംവേണ്ടി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 88.12 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കി. വിശദവിവരം അനുബന്ധം ഒന്നിൽ † കൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്:

(1) ചകിരി, കയർ, പിത്ത് (ചകിരിച്ചോറ്) എന്നിവ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് എക്കോ കയർ വില്ലേജുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി 1.25 കോടി രൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(2) കയർഫെഡിന്റേയും കയർ കോർപ്പറേഷന്റേയും വിപണനമേഖല മെച്ചപ്പെടുത്തുന്നതിനായി പുതിയ ഷോറൂമുകൾ തുടങ്ങുന്നതിനും, മേളകൾ സംഘടിപ്പിക്കുന്നതിനും പരസ്യപ്രചരണങ്ങൾ നൽകുന്നതിനുമായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 74.80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(3) ഉൽപ്പാദനക്ഷമതയും ഗുണമേന്മയും ഉറപ്പാക്കുന്ന യന്ത്രത്തറികൾക്ക് രൂപം നൽകുന്നതിനും വൈവിധ്യമാർന്ന പുതിയ കയറുൽപ്പന്നങ്ങൾ നവീന സാങ്കേതികവിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കുന്നതിനുമായി റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുമായി 49.90 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അനുബന്ധം രണ്ടിൽ† കൊടുത്തിട്ടുണ്ട്.

(ഇ) ഉണ്ട്. പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദക സംഘങ്ങൾക്കും ചകിരിമില്ലുകൾക്കും പരമാവധി അഞ്ചുലക്ഷം രൂപ വീതവും മാറ്റ്സ് ആന്റ്

---

† അനുബന്ധം I

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിംഗ്സ് സംഘങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ വീതവും സാമ്പത്തിക സഹായം അനുവദിക്കുന്നു. ഇത് 50 ശതമാനം ഗ്രാന്റും 50 ശതമാനം വായ്പയുമായാണ് നൽകുന്നത്. ഈ പദ്ധതി പ്രകാരം 475 സംഘങ്ങൾക്ക് 12.60 കോടി രൂപ അനുവദിക്കുകയുണ്ടായി.

(എഫ്) കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കാൻ വേണ്ടി പ്രാഥമിക കയർ സഹകരണ സംഘങ്ങളിലും ചെറുകിട ഉൽപ്പാദകരിലും കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും ഡിസ്ട്രസ് പർച്ചേസ് പദ്ധതി പ്രകാരം സംഭരിച്ച് വിപണനം നടത്തുന്നതിനായി കയർഫെഡിനും കയർ കോർപ്പറേഷനും സർക്കാർ സാമ്പത്തികസഹായം നൽകുകയുണ്ടായി. ഈ ഇനത്തിൽ 1996-97-ൽ കയർഫെഡിന് 570 ലക്ഷം രൂപ അനുവദിച്ചു. വിപണന വികസനപ്രവർത്തനങ്ങൾക്കായി 1996 മുതൽ 1999 വരെ 633.54 ലക്ഷം രൂപയും കയർ ഫെഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട ഉൽപ്പാദകരിൽനിന്ന് കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും സംഭരിച്ച് വിപണനം നടത്തുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷന് 1996-97-ൽ 190 ലക്ഷം രൂപയും വിപണന-വികസന പ്രവർത്തനങ്ങൾക്കായി 1996 മുതൽ 1999 വരെ 320 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കാൻ കയർഫെഡും കയർ കോർപ്പറേഷനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ ഷോറൂമുകളും പ്രദർശന വിൽപ്പനശാലകളും തുറക്കുന്നതിനുള്ള നടപടി;

പുതിയ ഡീലർമാരെ നിയമിച്ച് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ നടപടി;

കമ്മീഷൻ വ്യവസ്ഥയിൽ ക്യാൻവാസിംഗ് ഏജന്റുമാരെ നിയമിച്ച് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി;

കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് നടപടി;

വേഗം വിറ്റഴിക്കാൻ പ്രയാസമുള്ള കയറിനും, കയറുൽപ്പന്നങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട് അനുവദിച്ച് വിറ്റഴിക്കുന്നതിന് നടപടി;

കെട്ടിക്കിടക്കുന്ന കയർ പ്രാഥമിക സംഘങ്ങൾ വഴി കയറുൽപ്പന്നങ്ങളാക്കി വിറ്റഴിക്കുന്നതിനുള്ള നടപടി.

കയറിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാനായി കയർ ജിയോ ടെക്സ്റ്റൈൽസ് വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോടും കേരളത്തിലെ എല്ലാ പഞ്ചായത്തുകളോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : അയൽ സംസ്ഥാനങ്ങളിൽ കയർ ഉൽപ്പാദനം ആരംഭിച്ചതോടുകൂടി കേരളത്തിലെ കയർവ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. തമിഴ്നാട്, ആന്ധ്ര, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ യന്ത്രം ഉപയോഗിച്ച് പച്ചത്തൊണ്ടിൽനിന്ന് ചകിരി ഉൽപ്പാദിപ്പിച്ച് കേരളത്തിലെ ഉൽപ്പന്നങ്ങളുടെ വിലയേക്കാൾ 25 ശതമാനം മുതൽ 40 ശതമാനം വരെ വിലകുറച്ച് ഇൻഡ്യൻ മാർക്കറ്റിൽ വിൽക്കുന്നതാണ് കേരളത്തിലെ കയർ വ്യവസായമേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഈ സാഹചര്യത്തിൽ ശ്രീലങ്കയിൽനിന്നും, ഇപ്പോൾ ഒ.ജി. എൽ-ൽപ്പെടുത്തിയും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുംകൂടി കയർ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത് കേരളത്തിലെ തീരപ്രദേശത്തിന്റെ സമ്പദ്ഘടനയേയും നാല് ലക്ഷം തൊഴിലാളികളുടെ ജീവിതത്തേയും സാരമായി

LIBRARY ARCHIVES Kerala Legislative Assembly

ബാധിക്കുന്നതാണെന്ന ഗൗരവതരമായ സ്ഥിതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിഗൗരവമായിത്തന്നെ കേന്ദ്രഗവണ്മെന്റിന് ഇത് സംബന്ധിച്ചുള്ള വിശദമായ കത്തുകൾ അയയ്ക്കുകയും ബന്ധപ്പെട്ടവരെ നേരിട്ടു കണ്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ശക്തമായ സമ്മർദ്ദം ചെലുത്തി കയറും കയറുൽപ്പന്നങ്ങളും ഇങ്ങോട്ട് ഇറക്കുമതി ചെയ്യുന്നത് ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : മിനിമം എക്സ്പോർട്ട് പ്രൈസ് കയർബോർഡ് തീരുമാനിച്ച് കേന്ദ്രഗവണ്മെന്റ് നോട്ടിഫൈ ചെയ്യുന്നതനുസരിച്ചാണ് പ്രാബല്യത്തിൽ വരുന്നത്. 1995-ൽ നോട്ടിഫൈ ചെയ്ത പ്രൈസിനുമാത്രമേ ഇടപാടുകൾ നടത്താവൂയെന്ന് കേന്ദ്രഗവണ്മെന്റ് ഇപ്പോൾ അറിയിച്ചിരിക്കുന്നതിന്റെ ഫലമായി 1997 മുതൽ പുതുക്കിയ മിനിമം എക്സ്പോർട്ട് പ്രൈസ് ഇന്ന് നിലവിലിരിക്കുന്നതിന് കരാറുകൾ എടുക്കാൻ നിവൃത്തിയില്ലാതെ വരികയും എടുത്ത കരാറുകൾ ക്യാൻസൽ ചെയ്യുകയും ചെയ്യുന്ന ഗൗരവതരമായ സ്ഥിതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി സുശീലാ ഗോപാലൻ : ഈ പ്രശ്നവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വളരെ വിശദമായ ഒരു കത്ത് കേന്ദ്രഗവണ്മെന്റിന് എഴുതിയിട്ടുണ്ട്. അതുകൂടാതെ കയർബോർഡുമായി ബന്ധപ്പെട്ട് കഴിയുന്ന എല്ലാ സമ്മർദ്ദങ്ങളും ചെലുത്തിമാത്രമേ കേന്ദ്രത്തിലെ ഈ നയത്തിൽ മാറ്റം വരുത്താൻ കഴിയൂ. ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിന് തൊഴിലാളി സംഘടനകളും മറ്റുള്ളവരുംകൂടി പ്രവർത്തിക്കുമെങ്കിൽ ഇത് തടയാൻ കഴിയും.

ശ്രീ. പി.കെ. കുമാരൻ : പുതിയ കയറുൽപ്പന്നങ്ങളുടെ നിർമ്മാണരംഗത്ത് കയർഫെഡ് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കയർഫെഡ് ഇത് വിറ്റഴിക്കുന്നതിനാവശ്യമായിട്ടുള്ള എല്ലാ നടപടികളും എടുക്കുന്നുണ്ട്. കയർഫെഡ് നൂറോളം ഷോറൂമുകൾ ഇന്ന് ഇൻഡ്യയുടെ നാനാഭാഗത്തായി നടത്തുന്നുണ്ട്; വളരെ നല്ല നിലയിൽ ഇത് വിറ്റഴിക്കുന്നതിനുള്ള സംരംഭങ്ങൾ നടത്തുന്നുണ്ട്. കെട്ടിക്കിടക്കുന്ന കയർ ഡിസ്പോസ് ചെയ്യാനുള്ള ഏറ്റവും നല്ല മാർഗ്ഗം മണ്ണിടിച്ചിൽ തടയാനുള്ള ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കലാണ്. അടുത്തകാലത്ത് അരുണാചലിൽ ബോർഡർ റൂട്ട്സിൽ കയർ ഉപയോഗിച്ച് മണ്ണിടിച്ചിൽ തടയാനും റോഡ് സംരക്ഷിക്കുന്നതിനുമുള്ള നടപടി അവിടത്തെ ഗവണ്മെന്റുതന്നെ മുൻകൈയെടുത്ത് നടപ്പിലാക്കുകയുണ്ടായി. കയർഫെഡ്, പ്രത്യേകമായ ഏജന്റുമാരെ വച്ച് കയർ ജിയോ ടെക്സ്റ്റൈൽസിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും ഓർഡർ ക്യാൻവാസ് ചെയ്യുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും പരിശ്രമിക്കുന്നുണ്ട്. അതുപോലെതന്നെ വിൽപ്പന ശക്തിപ്പെടുത്തുകയെന്നുള്ളതാണ് വളരെ പ്രധാനമായ ഒരു കാര്യം. അതും അവർ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. കുമാരൻ : തൃശ്ശൂരിൽ അടുത്ത സമയത്ത് പുതിയൊരു ഫാക്ടറി സ്ഥാപിച്ചതായിട്ട് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ എന്തുൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്?

ശ്രീമതി സുശീലാ ഗോപാലൻ : ഈയിടെയാണ് അത് ഉദ്ഘാടനം ചെയ്തത്. കയർ മാറ്റ് ആൻഡ് മാറ്റിംഗ്സ്, കാർ മാറ്റ് തുടങ്ങിയ ഉൽപ്പന്നങ്ങളെല്ലാം ഉണ്ടാക്കുന്നുണ്ട്. ഇനിയും സാധ്യമായ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ സംവിധാനങ്ങളും സഹായവും അവിടത്തെ ഈ സ്ഥാപനത്തിന് ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത് കൂടുതൽ വിപുലപ്പെടുത്താൻ അവർക്ക് കഴിയും.

ശ്രീ. എളമരം കരീം : കയർരംഗത്ത് പരമ്പരാഗത രീതിയിലുള്ള തൊഴിലിലേയ്ക്ക് തൊഴിലാളികൾ വരാൻ മടി കാണിക്കുന്നുണ്ട്. ആധുനിക രീതിയിലുള്ള യന്ത്ര സംവിധാനങ്ങൾ ഏർപ്പെടുത്തി, തൊഴിലാളികളുടെ താൽപ്പര്യത്തിന് എതിരാകാത്ത വിധത്തിലുള്ള യന്ത്രവൽക്കരണത്തിലൂടെ ഈ വ്യവസായം സംരക്ഷിക്കാനുള്ള എന്ത് നടപടികളാണ് ഗവണ്മെന്റ് ആലോചിക്കുന്നത്?

ശ്രീമതി സുശീലാ ഗോപാലൻ : നാല് ലക്ഷത്തോളം തൊഴിലാളികൾ ഈ വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നുവെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് അവരുടെ തൊഴിലവസരങ്ങൾ കുറയാതിരിക്കാനും അതേ സമയം പുതിയ പുതിയ സംവിധാനങ്ങൾ ഉണ്ടാക്കി തൊഴിലവസരങ്ങൾ കൂടുതൽ ഉണ്ടാക്കാനും കഴിയുമെങ്കിൽ അതൊക്കെ ചെയ്തുകൊണ്ടുമാത്രമാണ് യന്ത്രവൽക്കരണം ഈ രംഗത്ത് പരമാവധി ഉപയോഗപ്പെടുത്തുന്നത്. പുതിയ യന്ത്രവൽകൃത റാട്ടുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ, അതിനുള്ള റിസർച്ചും മറ്റ് കാര്യങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇന്നും അത് വളരെ ഫലപ്രദമായിട്ടില്ല; എങ്കിലും അതിനുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എളമരം കരീം : സർ, കയർതൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് ഈ വർഷത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ ഈ വർഷംതന്നെ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ ഗവണ്മെന്റ് കൈക്കൊള്ളുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കയർതൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡ് ഒരു ഭവനനിർമ്മാണ പദ്ധതി അവർക്കുവേണ്ടി പ്രഖ്യാപിച്ചിരുന്നു. പക്ഷേ അതിനാവശ്യമായത്ര വിധത്തിലുള്ള ആളുകളെ ക്യാൻവാസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇന്നത്തെ പുതിയ സാഹചര്യം കണക്കിലെടുത്ത് കൂടുതൽ ആളുകളെ ഈ ഭവനനിർമ്മാണ പദ്ധതിയിൽ ചേർക്കുന്നതിനും അവർക്ക് സഹായങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി വെൽഫെയർ ഫണ്ട് ബോർഡ് തന്നെ വീണ്ടും മുൻകൈയെടുത്ത് സ്വീകരിക്കുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, പുതിയ സാമ്പത്തികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കയറും കയറുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതോടെ കേരളത്തിലെ നാലു ലക്ഷത്തോളം വരുന്ന കയർമേഖലയിലെ തൊഴിലാളികളുടെ ജീവിതം കൂടുതൽ പ്രയാസകരമാക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കെട്ടിക്കിടക്കുന്ന കയറുൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആഭ്യന്തര മേഖലയിൽ പുതിയ തലങ്ങൾ കണ്ടെത്തുന്നതിനും ആഭ്യന്തര ഉപഭോഗത്തിന് കൂടുതൽ സാധ്യത ഉണ്ടാകുന്ന വിധത്തിൽ-ഈ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ ശക്തിപ്പെടുത്താനുമുള്ള ഒരു പുതിയ നിലപാട് ലോകമാർക്കറ്റിനോട് മത്സരിക്കാൻ സാധിക്കത്തക്ക രീതിയിലുള്ള നിലപാട് ഗവണ്മെന്റ് സ്വീകരിക്കുമോ; അത് പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികളെടുക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പരമാവധി അതിനുവേണ്ട പരിശ്രമങ്ങളാണ് നടക്കുന്നതെന്ന് ഞാൻ നേരത്തേതന്നെ വിശദീകരിച്ചുകഴിഞ്ഞതാണ്. ഈരംഗത്ത് പുതിയ പുതിയ ഉൽപ്പന്നങ്ങൾ ഇറക്കി, പ്രത്യേകിച്ചും അതിന്റെ വിപണനരംഗത്ത് നമ്മൾ കൂടുതലായി ശ്രദ്ധിക്കേണ്ടതുണ്ട്. ഈ രാജ്യത്ത് നമുക്ക് കൂടുതലായി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയും. ഷോറൂമുകളും സെയിൽസ് ഡിപ്പോകളുമൊക്കെ വേണ്ട തോതിൽ തുടങ്ങുക, അതുപോലെതന്നെ കമ്മീഷൻ ഏജന്റ്സിനെക്കൊണ്ട് പ്രവർത്തനം നടത്തിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ ചെയ്ത് ഇത് വിപുലപ്പെടുത്തുന്നതിന് നമുക്ക് കഴിയും. പക്ഷേ വിദേശത്തുനിന്നുമുള്ള ഇറക്കുമതിയെ നമുക്ക് എന്തുവില കൊടുത്തും നേരിടേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തി അതിനായി ശ്രമിക്കേണ്ടതുണ്ട്.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, 500 പട്ടണങ്ങളിൽ വിൽപ്പന ശാലകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഒരു സ്റ്റാൾ തന്നെ സ്ഥാപിക്കണമെങ്കിൽ ലക്ഷക്കണക്കിന് രൂപ ചെലവാകുന്ന ഒരു പ്രത്യേക പരിതസ്ഥിതിയിൽ ഇതിനുവേണ്ട പണം കണ്ടെത്തുന്നതിനുള്ള നടപടി ഇതിന്റെ ഭാഗമായിട്ട് സ്വീകരിക്കുന്നുണ്ടോ? അതുപോലെതന്നെ സ്റ്റോക്ക് ലികിഡേഷൻ സ്കീമനുസരിച്ച് എത്ര കോടി രൂപയുടെ കയറുൽപ്പന്നങ്ങളാണ് നമുക്ക് വിറ്റഴിക്കാൻ സാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? കയർഫെഡ് ആണോ ഏറ്റവും കൂടുതൽ വിൽപ്പന നടത്തിയത്?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സ്റ്റോക്ക് ലികിഡേഷൻ സ്കീം അനുസരിച്ച് കയർഫെഡ് ആണോ ഏറ്റവും കൂടുതൽ വിൽപ്പന നടത്തിയതെന്ന് ചോദിച്ചു. സ്റ്റോക്ക് ലികിഡേഷൻ സ്കീം അനുസരിച്ച് കയർഫെഡ് ആണ് ഏറ്റവും കൂടുതൽ വിൽപ്പന നടത്തിയത്. ഈ പദ്ധതിക്കകത്ത് ആകെ സെയിൽസ് എന്നുപറയുന്നത് ഏതാണ്ട് ഇരുപത്തിരണ്ട് കോടിയോളം രൂപയുടേത് വരും. അത് കൂടുതൽ ശക്തിപ്പെടുത്താനായിട്ടുള്ള പരിശ്രമം നടക്കുന്നുണ്ട്, അതിനാവശ്യമായ എല്ലാ നടപടികളും ഗവണ്മെന്റ് കൈക്കൊള്ളും.

<u>ശ്രീ. എ. അലി ഹസ്സൻ</u> : സർ, ഏതൊരു വ്യവസായസ്ഥാപനമാണെങ്കിലും അതിന്റെ വളർച്ചയ്ക്കും അതുപോലെ അത് ലാഭത്തിൽ പ്രവർത്തിക്കുന്നതിനും ആത്മാർത്ഥതയോടെ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവനം അത്യന്താപേക്ഷിതമാണ്. ഇത് വച്ചുനോക്കുമ്പോൾ ഇന്ന് കേരളത്തിലെ കയർതൊഴിലാളികൾ അനുഭവിക്കുന്നതുപോലെയുള്ള ദുരിതം മറ്റൊരിടത്തും കാണാൻ കഴിയുകയില്ല. കയർതൊഴിലാളികളിൽ ഭൂരിപക്ഷവും തീരദേശത്താണ് താമസിക്കുന്നത്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അതുപോലെ തീരദേശത്തെ കയർതൊഴിലാളികളെ ഉന്നംവച്ചുകൊണ്ട് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയും വീടും വൈദ്യുതിയുമൊക്കെ ലഭ്യമാക്കുന്നതിന് കയർഫെഡ്വഴി ക്ഷേമനിധിയിൽ അംഗത്വം എടുപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : നേരത്തേതന്നെ ഞാൻ ഇതേക്കുറിച്ച് പറഞ്ഞുകഴിഞ്ഞതാണ്. ഇക്കാര്യത്തിൽ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ അവർക്കാവശ്യമായ എല്ലാവിധ സഹായങ്ങളും കൊടുത്ത് പരമാവധി വിൽപ്പനകേന്ദ്രങ്ങൾ തുറപ്പിക്കുന്നതിനും കേന്ദ്രഗവണ്മെന്റിൽ പുതിയ നോൺ-ട്രഡിഷണൽ ഏരിയാസിൽ ഡെലിഗേറ്റ്സിനെ അയച്ച് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനും പരിശ്രമിക്കണമെന്ന് നേരിട്ട് കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയെക്കണ്ട് അഭ്യർത്ഥിക്കുന്നതിനുമാവശ്യമായ കത്തുകൾ ഗവണ്മെന്റിൽനിന്നും എഴുതിയിട്ടുണ്ട്. ഈ രീതിയിൽ നമ്മുടെ വിപണന ശൃംഖല ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ.

<u>ശ്രീ. എ. അലിഹസ്സൻ</u> : സർ, ഇൻഡ്യക്കകത്താണ് കൂടുതൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതെന്ന് മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. വിദേശരാജ്യങ്ങളിൽ, ഉദാഹരണത്തിന് ഗൾഫ് രാജ്യങ്ങളിൽപ്പോലും കയറിനും കയറുൽപ്പന്നങ്ങൾക്കും പുതിയ മാർക്കറ്റ് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഗൾഫ് രാജ്യങ്ങളിലും മറ്റും വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സത്വര നടപടി ഗവണ്മെന്റ് കൈക്കൊള്ളുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇപ്പോൾ കയറ്റി അയയ്ക്കുന്നതിനുള്ള സംവിധാനമാണ് നമുക്കുള്ളത്. വിപണിയുടെ സാധ്യതയെക്കുറിച്ച് പഠനം നടത്തിയശേഷമേ അവിടെയൊക്കെ നമ്മുടെ ഷോറൂമുകൾ ആരംഭിക്കാൻ കഴിയൂ.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, കയറുൽപ്പന്നങ്ങൾ കൂടുതലായി വിറ്റഴിക്കുന്നതിന് കൂടുതൽ ഷോറൂമുകൾ സ്ഥാപിക്കുമെന്ന് പറയുന്നത് നല്ലതുതന്നെ. അതിലൂടെ ആഭ്യന്തര വിപണി കൂടുതൽ ശക്തിപ്പെടുത്താനും കഴിയും. പക്ഷേ അന്യസംസ്ഥാനങ്ങളിലെ സർക്കാർ ഓഫീസുകളിലും അവിടെയുള്ള കോർപ്പറേഷനുകളിലും മറ്റും നമ്മുടെ കയറുൽപ്പന്നങ്ങൾ കൂടുതൽ വിലയ്ക്ക് വാങ്ങുന്നതിന് കയർ പ്രോഡക്ട്സ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടോ അല്ലെങ്കിൽ കയർഫെഡിനെക്കൊണ്ടോ നമുക്ക് ഓർഡർ ക്യാൻവാസ് ചെയ്യുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ആരായാൻ തയ്യാറാവുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : കേന്ദ്രഗവണ്മെന്റ് തന്നെ ഇതുപോലുള്ള പ്രതിസന്ധി വരുമ്പോൾ നേരിട്ട് പർച്ചേസ് ചെയ്തിട്ടുണ്ട്. കേന്ദ്രഗവണ്മെന്റുതന്നെ കുറേ കയറുൽപ്പന്നങ്ങൾ പർച്ചേസ് ചെയ്യണമെന്ന് നമ്മൾ കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൂടാതെ മറ്റുവിധത്തിലും ഇവിടെ നിന്നും കയർ പ്രോഡക്ട്സ് പർച്ചേസ് ചെയ്യണമെന്ന് മറ്റ് സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാരോടും ഞാൻ പ്രത്യേകമായി കത്തുകൾ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, വളരെ വിശദമായിട്ട് ജിയോ ടെക്സ്റ്റൈൽസിനെക്കുറിച്ചുള്ള വിവരണങ്ങളടങ്ങിയ ഫോട്ടോസഹിതം വച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാർ എന്നിവർക്കൊക്കെ കത്തുകളുമെഴുതിയിട്ടുണ്ട്. ഈ പറഞ്ഞ വിവരങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് കേന്ദ്ര മന്ത്രിമാർക്കും കത്തുകൾ എഴുതിയിട്ടുണ്ട്, മറ്റ് സ്റ്റേറ്റുകളിലുള്ള മുഖ്യമന്ത്രിമാർക്കുപോലും ഇതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കത്തുകളെഴുതുകയും അവരെ ചിലരെയൊക്കെ പിന്നീട് നേരിട്ട് കണ്ട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ പലവിധത്തിലും പലയവസരങ്ങളിലും വേണ്ടത്ര പരിശ്രമിച്ച് മറ്റ് സംസ്ഥാനങ്ങളെക്കൊണ്ട് നമ്മുടെ കയറുൽപ്പന്നങ്ങൾ വാങ്ങിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവണ്മെന്റിൽ സമ്മർദം ചെലുത്തിയാൽ തീർച്ചയായും നമുക്ക് കുറച്ച് കയറുൽപ്പന്നങ്ങൾ അവരെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിന് കഴിയും. അങ്ങനെയുള്ള എല്ലാ അവസരങ്ങളും ഗവണ്മെന്റ് പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്.

<u>ശ്രീ. പി. രാജു</u> : കയർ വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇന്ന് വളരെക്കുറഞ്ഞ നിരക്കിലുള്ള കൂലിയാണ് മറ്റ് ഇതര വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ അപേക്ഷിച്ച് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ കയർമേഖലയിൽനിന്ന് തൊഴിലാളികൾ മറ്റ് മേഖലകളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും, സ്ത്രീത്തൊഴിലാളികളാണ് കയർമേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും. സ്ത്രീത്തൊഴിലാളികൾ യന്ത്രവൽകൃതസൊസൈറ്റികളിൽ പണിയെടുക്കുന്നവരായാലും ശരി, ദിവസം എട്ടും പത്തും മണിക്കൂർ പണിയെടുത്താലും അവർക്കുകിട്ടുന്ന വേതനമെന്ന് പറയുന്നത് കേവലം 55-ഉം 60 ഉറുപ്പിക മാത്രമാണ്. അതുകൊണ്ട് അവർക്ക് ജീവിതം തള്ളിനീക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. വ്യാവസായിക പുരോഗതി കൈവരിക്കാനായി അവരുടെ വേതനഘടന പുന:സംവിധാനം ചെയ്യേണ്ടതും പരിഷ്കരിക്കേണ്ടതും ആവശ്യമാണ്. അവരുടെ വേതനഘടന പുന:സംവിധാനം ചെയ്യാൻ എന്ത് നടപടിയാണ് ഗവണ്മെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അവരുടെ വേതനഘടന പുന:സംവിധാനം ചെയ്യേണ്ട പ്രശ്നമൊന്നും ഇപ്പോഴില്ല. ഇന്ന് അവർക്ക് ന്യായമായ കൂലി ലഭിക്കുന്നുണ്ട്. നിർഭാഗ്യവശാൽ ഇന്ന് ഓരോ സ്ഥാപനത്തിന്റെയും സാമ്പത്തികസ്ഥിതിയും മറ്റും എടുത്തുനോക്കിയാൽ അവർക്ക് മുഴുവൻ കൂലിയും ന്യായമായ നിരക്കിൽ കൊടുക്കാൻ കഴിയുന്നില്ലെന്ന് കാണാം. 45 രൂപയാണ് അവർക്ക് ഇന്ന് കൂലിയായി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ അടുത്ത കാലത്ത്, ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ് ഒറ്റയടിക്ക് പത്ത് രൂപ കയർത്തൊഴിലാളികൾക്ക് നിർബന്ധമായി കൂട്ടിക്കൊടുക്കണമെന്ന് ആവശ്യപ്പെടുകയും അത് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുകയും ചെയ്തത്. അതുകൊണ്ടാണ് 45 രൂപ വേതനമായി അവർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിൽനിന്നും കൂലി വീണ്ടും ഉയർത്തണമെങ്കിൽ ഉൽപ്പന്നങ്ങൾക്ക് അവയുടെ മേഖലയിൽ പലതരത്തിലുള്ള മാറ്റങ്ങളും വരുത്തണം. അതുപോലെതന്നെ ഉൽപ്പാദന മേഖലയിലും പലവിധത്തിലുള്ള മാറ്റങ്ങൾ വരുത്തണം. കയർ റാട്ട് ഇന്നും നമ്മൾ ആഗ്രഹിക്കുന്നതുപോലെയുള്ള പ്രൊഡക്ടിവിറ്റി കൈവരിച്ചിട്ടില്ല. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നിരന്തരമായ പരിശ്രമം നടത്തിവരികയാണ്. അത് കൈവരിച്ചുകഴിഞ്ഞാൽ അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കയറിന്റെ കയറ്റുമതി ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം യൂറോപ്പിൽ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, പ്ലാസ്റ്റിക് കവറുകൾ നിരോധിച്ചതുകൊണ്ട് അവിടെനിന്ന് നമുക്ക് നിരവധി ഓർഡറുകൾ കിട്ടുന്നുണ്ട്. അതുകൊണ്ട് ഈ രംഗത്ത് ഒരു റിസർച്ച് ആവശ്യമാണ്. കയർഫെഡോ, കയർകോർപ്പറേഷനോ മുൻകൈ എടുത്ത് യൂറോപ്പിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായ രീതിയിൽ ഉൽപ്പന്നങ്ങളിൽ ഡൈവേഴ്സിഫിക്കേഷൻ ഉണ്ടാക്കാനുള്ള തീവ്ര നീക്കങ്ങൾ നടത്തണം. അതുപോലെതന്നെ ഇന്ന് തൊണ്ടഴുക്കാൻ കുളങ്ങളില്ല, കായലുകളില്ല. ആ നിലയ്ക്ക് തൊണ്ട് അഴുക്കിയെടുക്കുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. ആ രംഗത്ത് മെക്കനൈസേഷൻ ആവശ്യമാണ്. ഈ രംഗങ്ങളിലൊക്കെ സമഗ്രമായ പദ്ധതിയും ഗവേഷണവുമൊക്കെ ആരംഭിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഈ രംഗത്തെല്ലാമുള്ള ഗവേഷണങ്ങൾ കയർ ബോർഡ് മുൻകൈയെടുത്ത് തലവൂർ റിസർച്ച് കേന്ദ്രത്തിൽ നടത്തിവരുന്നുണ്ട്. നമ്മളും ആവശ്യമായ രീതിയിലുള്ള പുതിയ പുതിയ ഉൽപ്പന്നങ്ങൾ കണ്ടെത്താനുള്ള പുതിയ സ്കീമുകൾ തുടങ്ങണം. അക്കാര്യം ഞാൻ നേരത്തേ മെയിൻ ഉത്തരത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്. പുതിയ കേന്ദ്രങ്ങൾ തുടങ്ങാനും പുതിയ പ്രോഡക്ട്സ് ഉണ്ടാക്കാനുമൊക്കെയുള്ള പ്രവർത്തനം നടക്കുന്നുണ്ട്. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി വ്യവസായമേഖലയിൽ പുതിയൊരു സംവിധാനം ഉണ്ടാക്കുന്നതിനാണ് നമ്മളിപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കണാരൻ : കയർ ഉൽപ്പന്നങ്ങൾക്കൊക്കെ ഭീഷണിയാകത്തക്കവിധത്തിൽ കയർമേഖലയാകെ തകർക്കപ്പെടുന്ന രീതിയിലേയ്ക്ക് 1995-ലെ വില നിശ്ചയിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചതിനെത്തുടർന്ന് ഉൽപ്പന്നങ്ങളുടെ വിലയിടിയുകയും നമ്മുടെ വിദേശനാണ്യശേഖരത്തിന് വമ്പിച്ച കുറവ് സംഭവിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തുകയും ചെയ്തിട്ടുണ്ട്. ഇത് തടയുന്നതിന് ഗവണ്മെന്റ് എന്ത് നിലപാടാണ് സ്വീകരിക്കാൻ പോകുന്നതെന്ന് പറയാമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതുതന്നെയാണ് ഞാൻ നേരത്തേ പറഞ്ഞത്. അതിനെതിരായി ഗവണ്മെന്റ് പ്രൊട്ടസ്റ്റ് ചെയ്യുകയും അക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി ആ നിലപാട് മാറ്റിയെടുക്കുകയും ചെയ്തു. 1997-ലെ വില നിശ്ചയിച്ച് നടപ്പിലാക്കാൻ കഴിയണം. അതിന് കയർബോർഡും മറ്റുള്ള ഘടകങ്ങളുമെല്ലാം ശക്തിയായി സമ്മർദ്ദം ചെലുത്തണം. സംസ്ഥാന ഗവണ്മെന്റുകളെല്ലാം ഇക്കാര്യത്തിൽ വേണ്ട സമ്മർദ്ദം ചെലുത്തുന്നതാണ്. അവയെല്ലാം സംയോജിപ്പിച്ച് ഇക്കാര്യം ചെയ്യുന്നതിനാവശ്യമായ പരിശ്രമം നടത്തുന്നതാണ്.

ശ്രീ. ജി. സുധാകരൻ : സർ, നമ്മൾ ധാരാളം പണം മുടക്കി കയർ സഹകരണസംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രവൽകൃത റാട്ടുകൾ ഇപ്പോൾ പരമ്പരാഗത കയർമേഖലയായ കാർത്തികപ്പള്ളിപ്പോലുള്ള താലൂക്കുകളിൽ പല സൊസൈറ്റികളിലും തൊഴിലാളികൾ ഉപയോഗിക്കാൻ മടിക്കുകയും അവർ പരമ്പരാഗത ശൈലിയിൽത്തന്നെ കയർ പിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. അതിന്റെ കാരണങ്ങളെപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ചോ; ഈയിനത്തിൽ വരുന്ന അധിക

സാമ്പത്തികബാദ്ധ്യത ലഘൂകരിക്കുന്നതിനുവേണ്ടിയുള്ള എന്തു നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ശ്രീമതി സുശീലാ ഗോപാലൻ : അവിടെ തുരുമ്പ് പിടിച്ച് കിടക്കുന്ന റാട്ടുകളെല്ലാം പണ്ട് മുതലുള്ളവയാണ്. വളരെ മുമ്പു തന്നെ ഉപയോഗിച്ചു തുടങ്ങിയതാണ്. അതൊന്നും ഇന്നിപ്പോൾ ഉപയോഗിക്കാൻ കഴിയാത്ത വിധത്തിലുള്ള റാട്ടുകളാണ്. അത് ഉപയോഗിക്കണമെങ്കിൽ അത് നവീകരിക്കേണ്ടതും റിപ്പയർ ചെയ്ത് ശരിയാക്കേണ്ടതുമുണ്ട്. തുരുമ്പ് മാറ്റി ആ റാട്ടുകൾ റിപ്പയർ ചെയ്ത് എടുക്കുന്നതിന് കുറേ പണവും ഗവണ്മെന്റ് അനുവദിച്ചു. കുറേ അധികം ഫലപ്രദമായി ആ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ട്. പക്ഷേ ഈ റാട്ടുകൾക്ക് ഒരു പരിമിതിയുണ്ട്. ആ പരിമിതി മാറ്റിയെടുക്കുന്നതിന് എല്ലാവിധത്തിലുള്ള ഗവേഷണങ്ങളും നടത്തുകയാണ്. അത് പൂർത്തിയാക്കുന്നതിനും ഗവണ്മെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാമ്മൻ മത്തായി : സർ, നമ്മുടെ കയർ ഉൽപ്പന്നങ്ങൾക്ക് അമേരിക്കപോലുള്ള രാജ്യങ്ങളിൽ വളരെയധികം പ്രിയമുണ്ട്. അവിടെയൊക്കെ ഷോറും തുറന്നുകൊണ്ട് വിപണനം നടത്തുക എന്നുപറഞ്ഞാൽ സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിനൊരു പരിഹാരമെന്നനിലയിൽ കമ്മിഷൻ വ്യവസ്ഥയിൽ നമ്മുടെ കയർ ഉൽപ്പന്നങ്ങൾ വാങ്ങിച്ച് അവിടെ വിപണനം നടത്തുന്നതിന് തയ്യാറാണെങ്കിൽ അതിന് അനുവാദം കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, അതെല്ലാം ഭരണത്തിൽ വരുന്ന പാർട്ടിയുടെ സാമ്പത്തിക സുസ്ഥിരതയും മറ്റ് കാര്യങ്ങളും നോക്കി പരിഗണിക്കും. ഇത്തരം സാധനങ്ങൾ വിദേശത്തേയ്ക്ക് കൊടുക്കുമ്പോൾ അതിന് മാർക്കറ്റ് ഉണ്ടാകുമെന്നുള്ള ഉറപ്പ് വേണം. അങ്ങനെ ആരെങ്കിലും വരാൻ തയ്യാറാണെങ്കിൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, നേരത്തേ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പുതിയ സാധ്യതകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും ജിയോടെക്സ്റ്റൈൽസിനെക്കുറിച്ചും റബ്ബറൈസ്ഡ് റോഡിനെക്കുറിച്ചുമൊക്കെ പറഞ്ഞു. നാല് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ സാഹചര്യങ്ങൾമൂലമുണ്ടാകുന്ന ഭീഷണി നേരിടാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം ഈ രീതിയിലുള്ള പുതിയ സാധ്യതകൾ തന്നെയാണ്. കുട്ടനാട്ടിൽ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം സംബന്ധിച്ച് പരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്നനിലയ്ക്ക് കേരളത്തിലെ എല്ലാ കോൾനിലങ്ങളും കൃഷിമേഖലകളും, പ്രത്യേകിച്ച് നമ്മുടെ പ്രദേശങ്ങളിൽ എല്ലാം ആവശ്യമായ ഗവേഷണം നടത്തി കേരളത്തിൽ മൊത്തം ഇത് ഉപയോഗിക്കുന്നതിന് അനുയോജ്യമാണോ എന്ന് പരിശോധിക്കാൻ നടപടിയെടുക്കുമോ? തൃശ്ശൂർ മേഖലയിലെ കോൾനിലങ്ങളിലെ ബണ്ട് പൊട്ടുന്നത് ഒരു സ്ഥിരം ഏർപ്പാടായതിനാൽ അവിടെ ബണ്ട് ബലപ്പെടുത്തുന്നതിന് ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കാൻ പ്രത്യേകമായ പരിശോധന നടത്താൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ? വ്യാവസായികമായിത്തന്നെ അത്തരമൊരു ഗവേഷണത്തിന് ഗവണ്മെന്റ് മുൻകൈയെടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, കുട്ടനാട്ടിൽ ബണ്ട് നിർമ്മിക്കാനുള്ള ടാർജറ്റ് ഇട്ടുകഴിഞ്ഞു. അത് ഉടനെ ചെയ്യുന്നതാണ്. കുട്ടനാടിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന ഒരു റോഡും, ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ച് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. നേരത്തേതന്നെ കയർ ഉപയോഗിച്ചുകൊണ്ടുള്ള പരീക്ഷണം നടത്തിയതാണ്. കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചു കൊണ്ടുള്ള ഒരു റൂട്ട് റോഡ് കൊടുക്കാം. ഇപ്പോൾ കൈനകരിയിൽ ഇത്തരത്തിലുള്ള റോഡ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. പലയിടത്തും പരീക്ഷണം നടത്തുകയാണ്. കൊങ്കൺ റെയിൽവേ റോഡിന്റെ കുറെ ഭാഗം ഇടിഞ്ഞുപോയി. ആ ഇടിഞ്ഞ ഭാഗം പല പ്രാവശ്യം സിമന്റ് ചെയ്തിട്ടും ശരിയായില്ല. ആ ഭാഗം ജിയോ ടെക്സ്റ്റൈൽസ് ചെയ്ത് ഫലപ്രദമായി പ്രിസർവ് ചെയ്തു. ഇപ്പോൾ കൊങ്കൺ റെയിൽവേയുടെ മറ്റ് ഭാഗങ്ങളിലേയ്ക്കും ഇതിന് ഓർഡർ കിട്ടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ പല പ്രദേശങ്ങളിലും പരീക്ഷണം നടത്തുകയാണ്. അരുണാചൽ പ്രദേശിലും ഇത്തരം റോഡുകൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കൈനകരിയിലെ പരീക്ഷണം കഴിഞ്ഞാൽ തൃശ്ശൂർ കോൾനിലത്തിന്റെ കാര്യവും പരിശോധിക്കാം.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : സർ, ഈ മേഖലയിൽ ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കയർ കെട്ടിക്കിടക്കുന്നതുതന്നെയാണ്. കയറിൽനിന്നുള്ള അനുബന്ധ ഉൽപ്പന്നങ്ങളുണ്ടാക്കിയാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ. ഗവണ്മെന്റിന്റെ നയത്തിന്റെ ഭാഗമായി കയറിൽനിന്ന് അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനും അതിന് മുൻഗണന കൊടുക്കാനും അതിന് സബ്സിഡി കൊടുക്കാനും അങ്ങനെ വരുന്ന വ്യവസായങ്ങൾക്ക് വേണ്ടത്ര പ്രോൽസാഹനം കൊടുക്കാനും ഗവണ്മെന്റ് ശ്രമിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇപ്പോൾ ഇന്ററസ്റ്റ് സബ്സിഡി, റിബേറ്റ് തുടങ്ങിയവ കൊടുത്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ കൊടുക്കാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കാം.

<u>ശ്രീ. പാലോട് രവി</u> : സർ, കഴിഞ്ഞ 10 വർഷമായി കയർ മേഖലയുടെ സമഗ്രമായ വികസനത്തിനും പുനരുദ്ധാരണത്തിനും വിദഗ്ധമായ നേതൃത്വം നൽകിവന്നിരുന്ന ശ്രീ. ആനത്തലവട്ടം ആനന്ദനെ പ്രസിഡന്റ് സ്ഥാനത്ത്നിന്നും നീക്കാൻ തീരുമാനിച്ചത് വ്യവസായ വകുപ്പിന്റെ നിർദ്ദേശ പ്രകാരമാണോ; അത് ഈ മേഖലയെ വളർത്തുമോ തളർത്തുമോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, പകരം ആളെ കണ്ടെത്താൻ കഴിയാത്ത പാർട്ടി പുതിയ ആളുകളെ വയ്ക്കാറില്ല.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, പച്ചത്തൊണ്ടിൽനിന്നും ചകിരിനാര് പിരിച്ച് പുതിയ കയർ ഉൽപ്പന്നങ്ങളുണ്ടാക്കുന്ന അത്യാധുനിക കയർ ഫാക്ടറി കഴിഞ്ഞ മൂന്നാം തീയതി ഇരിഞ്ഞാലക്കുടയിൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ ഉണ്ടാക്കുന്ന പുതിയ കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇരിഞ്ഞാലക്കുടയിൽ ഒരു ഷോറും തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, ഇതൊരു പുതിയ നിർദ്ദേശമാണ്. പല സ്ഥലത്തും ഷോറൂമുകൾ തുടങ്ങുന്ന കൂട്ടത്തിൽ ഇതും പരിഗണിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Government of Kerala
കേരള സർക്കാർ
1999

Reg.No.KL/TV(N)/12
രജി.നമ്പർ

KERALA GAZETTE

കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. XLIV	Thiruvananthapuram	18th April 1999	
	Sunday	1999 ഏപ്രിൽ 18	No. 794
വാല്യം 44	തിരുവനന്തപുരം	28th Chaithra 1921	നമ്പർ
	ഞായർ	1921 ചൈത്രം 28	

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 271/Table-1/99/Leg. Dated, Thiruvananthapuram, 18th April, 1999.

In excercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constisution of India, the Governor of the State of Kerala hereby prorogues the Tenth Session of the Tenth Kerala Legislative Assembly with effect from April 13, 1999 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പത്താം കേരള നിയമസഭയുടെ പത്താം സമ്മേളനം 1999 ഏപ്രിൽ 13-ാം തീയതി അതിന്റെ സമ്മേളനം അവസാനിപ്പിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,
K. GOPALAKRISHNAN UNNITHAN,
Secretary (in-Charge),
Legislative Assembly.

അനുബന്ധം - I

(13.04.99 - ലെ ചോദ്യം നമ്പർ *1 (308) ന്റെ മറുപടി ദയവായി കാണുക)

കയർ വ്യവസായ മേഖലയിലെ വികസന പ്രവർത്തനങ്ങൾ

കയർ വ്യവസായ മേഖലയിൽ 1991-92 മുതൽ 1995-96 വരെയുള്ള 5 വർഷക്കാലം 68.68 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്. എന്നാൽ 1996-97 മുതൽ 1998-99 വരെ, 3 വർഷം കൊണ്ട് 88.12 കോടി രൂപ കയർ വ്യവസായ മേഖലയുടെ വികസനത്തിനായി ചെലവഴിച്ചു. ഈ 3 വർഷക്കാലം 1996-97 മുതൽ 1998-99) നടപ്പിലാക്കിയ വിവിധ വികസന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കി കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് സ്വീകരിച്ച നടപടികൾ :

LIBRARY ARCHIVES Kerala Legislative Assembly

1.1. പീഡിത കയർ വ്യവസായങ്ങളുടെ പുനരുദ്ധാരണം :

പീഡിത കയർ വ്യവസായങ്ങളെ പുനരുദ്ധരിച്ച് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 1996-97 മുതൽ നടപ്പിലാക്കി തുടങ്ങിയ പദ്ധതിക്കുവേണ്ടി 12.60 കോടി രൂപ ചെലവഴിച്ചു. ഇതുവഴി 475 സംഘങ്ങളുടെ പ്രവർത്തനം പുനരുദ്ധരിപ്പിക്കുവാൻ സാധിച്ചു.

1.2. തൊണ്ടിനും ചകിരിക്കും സബ്സിഡി :

പൊതുവിപണിയിൽനിന്നും തൊണ്ട്, ചകിരി എന്നിവ വാങ്ങി ഉൽപ്പാദനം നടത്തുന്നതിന് 1000 തൊണ്ടിന് പരമാവധി 150 രൂപ നിരക്കിലും ഒരു ക്വിന്റൽ ചകിരിക്ക് 150 രൂപ നിരക്കിലും സബ്സിഡി നൽകുന്നു. ചകിരിക്ക് സബ്സിഡി അനുവദിച്ചത് 20.1.98 മുതലാണ്. ഈ പദ്ധതിക്കായി 3 വർഷക്കാലം 219.27 ലക്ഷം രൂപ സംഘങ്ങൾക്ക് വിതരണം ചെയ്തു.

1.3. പലിശ സബ്സിഡി :

പ്രവർത്തന മൂലധനത്തിന് അനുവദിക്കുന്ന നബാർഡ് ക്യാഷ് ക്രെഡിറ്റിന് ആറര ശതമാനം പലിശ സബ്സിഡി പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്കും നാലര ശതമാനം പലിശ സബ്സിഡി കയർഫെഡിനും അനുവദിക്കുന്നു. ഈ ഇനത്തിൽ പ്രാഥമിക സംഘങ്ങൾക്ക് 131.38 ലക്ഷം രൂപയും കയർഫെഡിന് 182.53 ലക്ഷം രൂപയും അനുവദിച്ചു. ഇതുകൂടാതെ സംയോജിത കയർ വികസന പദ്ധതി പ്രകാരം വായ്പ ലഭിച്ച സംഘങ്ങൾക്ക് പലിശയിൻമേൽ ആറര ശതമാനം സബ്സിഡി അനുവദിക്കുന്നതിനും ഉത്തരവായി.

1.4. റാട്ട് റിപ്പയർ സബ്സിഡി :

യന്ത്രവൽകൃത കയർപിരി യൂണിറ്റുകളിലെ റാട്ടുകൾ റിപ്പയർ ചെയ്യുന്നതിന് റാട്ട് ഒന്നിന് 500 രൂപ നിരക്കിൽ ഒരു സംഘത്തിന് പരമാവധി 50,000 രൂപ വരെ നൽകുന്ന പദ്ധതി 1998-99 വർഷം മുതൽ നടപ്പിലാക്കി.

1.5. പ്രവർത്തന മൂലധന വായ്പ :

പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിനായി 320.09 ലക്ഷം രൂപ നബാർഡിൽനിന്നും ലഭ്യമാക്കി. ഇതുകൂടാതെ സർക്കാരിൽനിന്നും 113.89 ലക്ഷം രൂപ കൂടി പ്രവർത്തന മൂലധന വായ്പയായി സംഘങ്ങൾക്ക് അനുവദിക്കുകയുണ്ടായി.

1.6. ഐ.സി.ഡി.പി. യൂണിറ്റുകൾക്ക് ഡീസൽ ജനറേറ്റർ സെറ്റ് :

വൈദ്യുതിയുടെ ദൗർലഭ്യംമൂലം ഉൽപ്പാദനം ആരംഭിക്കുവാൻ കഴിയാതെ വരുന്ന ഐ.സി.ഡി.പി. യൂണിറ്റുകൾക്ക് ഡീസൽ ജനറേറ്റർ സെറ്റ് വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി 1998-99 മുതൽ കയർഫെഡ് വഴി നടപ്പിലാക്കി. സ്പിന്നിംഗ് യൂണിറ്റുകൾക്ക് 3 ലക്ഷം രൂപയും, ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് 5 ലക്ഷം രൂപയും ആണ് ധനസഹായമായി നൽകുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 1997-98-ൽ 2 കോടി രൂപ കയർഫെഡിന് അനുവദിക്കുകയുണ്ടായി.

1.7. ഗോഡൗൺ നിർമ്മാണം :

പ്രാഥമിക കയർ സഹകരണസംഘങ്ങൾക്കും കയർഫെഡിനും എൻ.സി.ഡി.സി.യുടെ സാമ്പത്തികസഹായത്തോടെ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 1998-99 മുതൽ നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം 93.7 ലക്ഷം രൂപ 98-99-ൽ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രാഥമിക സംഘങ്ങളുടേയും ചെറുകിട ഉൽപ്പാദകരുടേയും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും നടപ്പിലാക്കിവരുന്ന പദ്ധതികൾ :

പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ ഉൽപ്പന്നങ്ങൾ പൂർണ്ണമായും കയർഫെഡ് സംഭരിച്ച് വിപണനം നടത്തുന്നു. കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡും ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങളാണ് വാങ്ങി വിപണനം നടത്തുന്നത്. ഈ 3 സ്ഥാപനങ്ങളും കയറും കയറുൽപ്പന്നങ്ങളും പരമാവധി സംഭരിച്ച് വിപണനം നടത്തുന്നതിന് വിവിധ പദ്ധതികളിലൂടെ സർക്കാർ നൽകിയ സാമ്പത്തിക സഹായം ചുവടെ കൊടുക്കുന്നു:

2.1. ഡിസ്ട്രസ്സ് പർച്ചേസ് :

വിപണിയിലെ മാന്ദ്യം കാരണം വിറ്റഴിയാതെ കെട്ടിക്കിടന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങി കയർ സംഘങ്ങളെയും ചെറുകിട ഉൽപ്പാദകരെയും സഹായിക്കുന്നതിനായി കയർഫെഡിന് 570 ലക്ഷം രൂപയും കയർ കോർപ്പറേഷന് 190 ലക്ഷം രൂപയും 96-97 സാമ്പത്തികവർഷം അനുവദിച്ചു. ഇതിന്റെ ഫലമായി 2 ലക്ഷത്തോളം കയർ തൊഴിലാളികളെ തൊഴിലില്ലായ്മയിൽനിന്നും രക്ഷിക്കാൻ സാധിച്ചു.

2.2. വിപണന വികസന പ്രവർത്തനങ്ങൾക്ക് ഓഹരി മൂലധന വായ്പ :

കയർഫെഡിന്റെ വിപണന വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഓഹരി മൂലധന സംഭാവനയായി 1996-97 മുതൽ 98-99 വരെ ആകെ 6.33 കോടി രൂപ അനുവദിക്കുകയുണ്ടായി.

കയർ കോർപ്പറേഷന്റെ വിപണന വികസന പ്രവർത്തനങ്ങൾക്കായി 1996-97 മുതൽ 1998-99 വരെ ആകെ 3.20 കോടി രൂപ അനുവദിക്കുകയുണ്ടായി.

2.3 പ്രൈസ് ഫ്ളക്ച്യുവേഷൻ ഫണ്ട് :

ഈ പദ്ധതിപ്രകാരം 1992-93 മുതൽ ഉണ്ടായിരുന്ന കുടിശ്ശിക ഉൾപ്പെടെ 169.50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

2.4 റിബേറ്റ് :

കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കിവരുന്ന റിബേറ്റ് പദ്ധതിപ്രകാരം 1996-97 മുതൽ 1998-99 വരെ ആകെ 18.97 കോടി രൂപ ചെലവഴിച്ചു. ഇതിൽ 9.73 കോടി രൂപയും കയർഫെഡിനാണ് അനുവദിച്ചത്. കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സിനും ആയി 1.73 കോടി രൂപയും മറ്റ് മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കായി 7.50 കോടി രൂപയും അനുവദിക്കുകയുണ്ടായി.

2.5 ഷോറും ആരംഭിക്കുന്നതിനും, പരസ്യപ്രചരണത്തിനും ധനസഹായം :

പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്കും കയർഫെഡിനും കയർ കോർപ്പറേഷനും ഷോറൂമുകൾ ആരംഭിക്കുന്നതിനും, കയറുൽപ്പന്നങ്ങളും പ്രദർശന വിൽപ്പന മേളകൾ സംഘടിപ്പിക്കുന്നതിനും വിവിധ പരസ്യ മാധ്യമങ്ങൾ വഴി പ്രചരണം നൽകുന്നതിനും സഹായകമായ ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. ഐ.സി.ഡി.പി. യൂണിറ്റുകളും കയറുൽപ്പന്ന നിർമ്മാണ യൂണിറ്റുകളും

കയർമേഖല യന്ത്രവൽക്കരിക്കുന്നതിനും വൈവിദ്ധ്യമാർന്ന പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമായ പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ട പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു:

3.1. സംയോജിത കയർ വികസന പദ്ധതി :

കയർ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുക, യുവതലമുറയെ കയർ വ്യവസായത്തിലേയ്ക്ക് ആകർഷിക്കുക, കയർ തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 1994-95 മുതൽ സംയോജിത കയർ വികസന പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്. ഒരു സംഘത്തിൽ 100 റാട്ടുകൾവീതം 200 കയർ പിരി യൂണിറ്റുകളും 100 ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും എൻ.സി.ഡി.സി. യുടേയും സാമ്പത്തിക സഹായമുള്ള 44 കോടി രൂപയുടെ ഈ പദ്ധതിപ്രകാരം 125 കയർ പിരി യൂണിറ്റുകളും 58 ചകിരി മില്ലുകളും സ്ഥാപിക്കാനാണ് ഇതുവരെ അനുവാദം നൽകിയിട്ടുള്ളത്. കയർഫെഡ്വഴി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരംഇതുവരെ 63 കയർപിരി യൂണിറ്റുകളും 14 ചകിരി മില്ലുകളും ഉൽപ്പാദനം ആരംഭിക്കുകയുണ്ടായി. ബാക്കി യൂണിറ്റുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു.

ഈ പദ്ധതി നടപ്പിലാക്കുന്നതിന് 1996-97 മുതൽ 1998-99 വരെ ആകെ 7.04 കോടി രൂപ കയർഫെഡിന് പദ്ധതി നടത്തിപ്പിനായി അനുവദിക്കുകയുണ്ടായി.

3.2 പ്രോസസിംഗ് യൂണിറ്റുകൾ :

എൻ.സി.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ കയർ പ്രോസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം 81 ലക്ഷം രൂപ വീതം മുടക്കുമുതലുള്ള രണ്ടു യൂണിറ്റുകൾ എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപിക്കാൻ ധനസഹായം നൽകി. നടപ്പു സാമ്പത്തികവർഷം തന്നെ മൂന്നു മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സൊസൈറ്റികൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

3.3 എക്കോ കയർ വില്ലേജുകൾ :

ചകിരി, കയർ, പിത്ത് (ചകിരി ചോറ്) എന്നിവ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകളുടെ സമുച്ചയം 'എക്കോ കയർ വില്ലേജുകൾ' തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പുവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനായി 1.25 കോടി രൂപ നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുമുണ്ട്.

3.4 കയർ പാർക്കുകൾ :

സ്വകാര്യ മേഖലയിലും, പൊതുമേഖലാസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുമായി രണ്ട് കയർ പാർക്കുകൾ ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 42 ഏക്കർ ഭൂമി ലഭ്യമാക്കി വിതരണം ചെയ്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

3.5 പിത്ത് പ്ലസ് യൂണിറ്റുകൾ :

ചകിരിച്ചോറുപയോഗിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു ധനസഹായം നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം പിത്ത് പ്ലസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഒരു സംഘത്തിന് പരമാവധി 1.60 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതുവരെ 40 യൂണിറ്റുകൾക്ക് ധനസഹായം നൽകിക്കഴിഞ്ഞു.

4. <u>കയർതൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ</u> :

4.1. കയർതൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതി :

കയർതൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചുപോരുന്നത് കയർതൊഴിലാളി ക്ഷേമനിധി ബോർഡുവഴിയാണ്. കൂടുതൽ തൊഴിലാളികൾക്ക് പ്രയോജനകരമാക്കി തീർക്കാനായി കയർതൊഴിലാളി ക്ഷേമനിധി നിയമം 20.4.98-ന് ഭേദഗതി ചെയ്ചത് ഈ രംഗത്ത് നടപ്പിലാക്കിയ വളരെ സുപ്രധാനമായ നടപടിയാണ്. അവയുടെ വിശദാംശം ചുവടെ കൊടുക്കുന്നു :

1. കയർമേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിലുടമയുടെ അനുവാദമില്ലാതെതന്നെ ക്ഷേമനിധിയിൽ അംഗമാകാനും ആനുകൂല്യങ്ങൾ നേടുന്നതിനും സാദ്ധ്യമാക്കി.

2. 1987 ഡിസംബർ 31-നും 1989 ഒക്ടോബർ 1-നും ഇടയ്ക്ക് 60 വയസ്സ് തികഞ്ഞ മുൻ കയർതൊഴിലാളികൾക്കുകൂടി കയർതൊഴിലാളി പെൻഷൻ നൽകാൻ തീരുമാനിച്ചു. ഇതുവഴി 5000 തൊഴിലാളികൾക്ക് പ്രയോജനമുണ്ടായി.

3. 1989 ഒക്ടോബർ 1-നും 97 സെപ്റ്റംബർ 30-നും ഇടയ്ക്ക് 60 വയസ്സ് തികഞ്ഞവരും ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാത്തവരുമായ കയർതൊഴിലാളികൾക്ക് വിഹിതമടച്ച് പെൻഷന് അപേക്ഷിക്കുവാനുള്ള സൗകര്യം പുതിയ ഭേദഗതിയിലൂടെ ലഭ്യമാക്കി. ഇതുവഴി 28,000 തൊഴിലാളികൾക്ക് പ്രയോജനമുണ്ടായി.

4.2 പെൻഷൻ തുക വർദ്ധിപ്പിച്ചു :

കയർതൊഴിലാളികൾക്ക് അനുവദിച്ചുപോന്നിരുന്ന പ്രതിമാസ പെൻഷൻ തുക 75 രൂപയിൽനിന്നും 100 രൂപയായി വർദ്ധിപ്പിച്ചു.

4.3 പെൻഷൻ കുടിശ്ശിക വിതരണം :

കയർ തൊഴിലാളികൾക്ക് പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കഴിഞ്ഞ മൂന്നു വർഷക്കാലം 11 കോടി രൂപ അനുവദിക്കുകയുണ്ടായി. ഈ തുക വിനിയോഗിച്ച് 12/98 വരെയുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തു.

4.4 വെൽഫെയർ ഫണ്ട് ബോർഡിന്റെ ഇതര ക്ഷേമ പ്രവർത്തനങ്ങൾ :

പ്രതിമാസ വാർദ്ധക്യകാല പെൻഷനു പുറമെ താഴെ സൂചിപ്പിച്ചിരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളും ബോർഡ് നടപ്പിലാക്കിവരുന്നു.

1.	വിവാഹ ധനസഹായം	-	1000 രൂപ.
2.	മെറ്റേണിറ്റി അസിസ്റ്റൻസ്	-	300 രൂപ
3.	മെറ്റേണിറ്റി മെഡിക്കൽ അസിസ്റ്റൻസ്	-	350 രൂപ

143/2010.

LIBRARY ARCHIVES Kerala Legislative Assembly

4.	ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ	-	300 രൂപ
5.	സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ	-	2500 രൂപ
6.	മരണാനന്തര ചടങ്ങുകൾ	-	200 രൂപ
7.	അപകട മരണം സംഭവിച്ചാൽ	-	5000 രൂപ.

അനുബന്ധം - II

(13.04.99 - ലെ ചോദ്യം നമ്പർ 1 (*308) ന്റെ മറുപടി ദയവായി കാണുക)

കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ ശുപാർശകളും അതിൻമേൽ സ്വീകരിച്ച നടപടികളും

1. പച്ചത്തൊണ്ട് വ്യാപകമായി വ്യവസായത്തിന് ഉപയോഗപ്പെടാത്ത പ്രദേശങ്ങളിലായി 700-ഓളം ചകിരിമില്ലുകൾ സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്നതിന് മൂലധന നിക്ഷേപ സബ്സിഡി പോലുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം

സ്വകാര്യ മേഖലയിൽ സ്ഥാപിക്കുന്ന മില്ലുകൾക്ക് ജില്ലാ വ്യവസായ കേന്ദ്രം നടപ്പാക്കിവരുന്ന മൂലധന നിക്ഷേപ സബ്സിഡി പദ്ധതി പ്രകാരം സാമ്പത്തികസഹായം ലഭ്യമാക്കുന്നതാണ്. കയർ വികസന വകുപ്പിൽനിന്ന് സഹകരണ മേഖലയിൽ സ്ഥാപിക്കുന്ന മില്ലുകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

2. ചകിരിച്ചോറുപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ജൈവവളത്തെ കർഷകർക്ക് സ്വീകാര്യമാക്കാൻ ആവശ്യമായ പ്രചരണ പരിപാടി കാർഷിക ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കണം

പിത്ത് പ്ലസ് ഉപയോഗിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം 40 കയർ സഹകരണസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ സംഘങ്ങളുടെ ഉൽപ്പാദനം, വിപണനം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. അവ ലഭ്യമാക്കിയശേഷം കാർഷിക ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ പ്രചരണങ്ങൾ നൽകുന്നതിനും ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

3. അഴുക്കുതൊണ്ടിന്റെ ചകിരിമാത്രം ഉപയോഗിച്ച് നിർമ്മിക്കുന്ന കയറിനും കയറുൽപ്പന്നങ്ങൾക്കും മെച്ചപ്പെട്ട വില നൽകണം

ഈ ശുപാർശ കയർഫെഡിനേയും, കയർ കോർപ്പറേഷനേയും അറിയിക്കുകയുണ്ടായി. അതനുസരിച്ച് താരതമ്യേന മെച്ചപ്പെട്ട വില ഇപ്പോൾ നൽകിവരുന്നുണ്ട്.

4. ഉണക്കത്തൊണ്ടിന്റെ ചകിരി യന്ത്രസഹായത്താൽ കയറാക്കുന്നതിനും അവ ഉപയോഗിച്ച് പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം

പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

5. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ യന്ത്രവൽകൃത റാട്ടുകൾ പരിഷ്കരിക്കണം

നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. യന്ത്രവൽകൃത റാട്ടിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന പരിശീലന പരിപാടി വിപുലീകരിക്കണം

യന്ത്രവൽകൃത റാട്ടുകൾ സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിലെ മുഴുവൻ തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. കയർബോർഡിന്റെ പരിശീലന പരിപാടിയുമായി സമന്വയിപ്പിച്ച് വിപുലമായ രീതിയിൽ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

7. ഓരോ പ്രോജക്ടിനും കയർപിരി പരിശീലനകേന്ദ്രവും യന്ത്രറാട്ടുകൾ നന്നാക്കുന്നതിനുള്ള മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കണം

ഉൽപ്പാദനക്ഷമതയുള്ള യന്ത്രവൽകൃതറാട്ടുകൾ വികസിപ്പിച്ച് എല്ലാ യൂണിറ്റുകൾക്കും ലഭ്യമാക്കിയശേഷമേ പരിശീലനകേന്ദ്രവും മൊബൈൽ യൂണിറ്റും സ്ഥാപിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കേണ്ടതുള്ളൂ. ഇപ്പോൾ നിലവിലുള്ള റാട്ടുകൾ നന്നാക്കുന്നതിന് ഒരു സംഘത്തിന് പ്രതിവർഷം 50000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി 1998-99 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

8. ഇന്ത്യയിലെ പ്രധാനപ്പെട്ട 500 പട്ടണങ്ങളിൽ ഷോറൂമുകൾ സ്ഥാപിക്കണം. സർക്കാരും കയർബോർഡും ഉദാരമായ സാമ്പത്തിക സഹായം ലഭ്യമാക്കണം

പ്രധാനപ്പെട്ട പട്ടണങ്ങളിൽ ഷോറും സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ 1998-99 മുതൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

9. ടെലിവിഷൻ, ആൾ ഇന്ത്യാ റേഡിയോ എന്നീ മാധ്യമങ്ങൾ വഴി കയറുൽപ്പന്നങ്ങൾക്ക് വ്യാപകമായ പരസ്യം നൽകണം

ശുപാർശ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. കയർ ഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി കയറുൽപ്പന്നങ്ങളുടെ പരസ്യപ്രചരണത്തിനായി ഹ്രസ്വചിത്രവും പരസ്യചിത്രവും നിർമ്മിക്കുന്നതിനായി കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. തുടർച്ചയായി പരസ്യ പ്രചരണങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതിക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്.

10. പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര/വിദേശ വിപണി വികസിപ്പിക്കുന്നതിനും കയറിന് പുതിയ ഉപയോഗ മേഖലകളും പുതിയ ഉൽപ്പന്നങ്ങളും കണ്ടെത്തുന്നതിനും തീവ്രശ്രമം നടത്തേണ്ടതാണ്

ആഭ്യന്തര/വിദേശ വിപണി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഷോറൂമുകൾ തുടങ്ങുന്നതിനും പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിനും അന്തർ ദേശീയ മേളകളിൽ പങ്കെടുക്കുന്നതിനും പരസ്യ പ്രചരണങ്ങൾ വിവിധ മാധ്യമങ്ങൾവഴി നൽകുന്നതിനും സാമ്പത്തികസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞു. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്തി ആഭ്യന്തര/വിദേശ വിപണി വികസിപ്പിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

11. കയർ ജിയോ ടെക്സ്റ്റൈയിൽസിന്റെ ഉപയോഗത്തിന് വ്യാപകമായ പ്രചരണം സംഘടിപ്പിക്കുക

ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള മേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പ് അദ്ധ്യക്ഷൻമാരുടെ ഒരു കമ്മിറ്റി സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ചുകൊണ്ടുള്ള പ്രോജക്ടുകൾ പരീക്ഷണാർത്ഥം നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിൽ 1.5 കോടി രൂപയുടെ ജിയോ ടെക്സ്റ്റൈയിൽസ് ഉപയോഗിച്ചുകൊണ്ടുള്ള റോഡു നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരികയാണ്. ഇതിനുപുറമെ ജനകീയാസൂത്രണത്തിൽപ്പെടുത്തി ത്രിതല പഞ്ചായത്തുകൾവഴി ജിയോ ടെക്സ്റ്റയിൽസ് പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

12. റബ്ബർ ഫോം ബാക്ക്ഡ് കയറ്റുപായ്കൊണ്ടുള്ള ബാഗുകളിൽ മണൽ നിറച്ച് കടലാക്രമണം തടയുന്നതിന് വ്യാപകമായി ഉപയോഗപ്പെടുത്തണം

ഈ ശുപാർശ കയർഫെഡിന്റെയും കയർ കോർപ്പറേഷന്റെയും ശ്രദ്ധയിൽപ്പെടുത്തി. ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചചെയ്ത് നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത തിട്ടപ്പെടുത്തി വിശദമായ പ്രൊപ്പോസലുകൾ തയ്യാറാക്കാൻ കയർഫെഡിനോടും കയർ കോർപ്പറേഷനോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭിച്ചാലുടൻ മേൽനടപടി സ്വീകരിക്കുന്നതാണ്.

13. കയറിനും പരമ്പരാഗത ഉൽപ്പന്നങ്ങൾക്കും പുറമെ 'കയർപ്ലൈ' പോലുള്ള പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് പയനീയർ യൂണിറ്റ് സ്ഥാപിക്കുവാൻ സർക്കാർ മുൻകൈ എടുക്കണം

കയർ ഫൈബർ ഉപയോഗിച്ച് പാനൽ ബോർഡ് നിർമ്മിക്കുന്നതിനുള്ള ഒരു പയനീയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ട്രാവൻകൂർ പ്ലൈ ഇൻഡസ്ട്രീസ് സമർപ്പിച്ച പദ്ധതിക്ക് 20 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു. ഇതിനുപുറമെ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് എടുക്കുന്നതിനും അവ വ്യവസായ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനും സഹായകരമായ പദ്ധതികൾക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. പുതിയ കയറുൽപ്പന്ന നിർമ്മാണ യൂണിറ്റുകളുടെ സമുച്ചയം തെരഞ്ഞെടുത്ത സെന്ററുകളിൽ എക്കോ കയർ വില്ലേജ് എന്ന പേരിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സജീവ പരിഗണനയിലാണ്. പുതിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം, റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്നീ ഇനങ്ങളിലായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 1.74 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത് ശുപാർശ നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുന്നതാണ്.

14. കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് വിദേശ വിപണികളിൽ കയറുൽപ്പന്നങ്ങളുടെ സാമ്പിളുകൾ പ്രദർശിപ്പിക്കുന്നതിനും ഓർഡർ ക്യാൻവാസ് ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ സർക്കാർ മുൻകൈ എടുത്ത് ലഭ്യമാക്കണം

അന്തർദേശീയതലത്തിൽ നടക്കുന്ന പ്രദർശന വിൽപ്പന മേളകളിൽ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇന്ത്യാ, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയ്ക്ക് പങ്കെടുക്കുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ചെലവിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്നതാണ്.

15. വിദേശ രാജ്യങ്ങളിൽ നടത്തുന്ന വ്യാപാര മേളകളിലെ സ്റ്റാളുകൾ സന്ദർശിക്കുന്നവർക്ക് സൗജന്യമായി കയറുൽപ്പന്നങ്ങളുടെ സാമ്പിളുകൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം

LIBRARY ARCHIVES Kerala Legislative Assembly

ഈ ശുപാർശകൂടി നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

16. ഐ.സി.ഡി.പി. യൂണിറ്റുകളിൽ ഡീസൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും വൈദ്യുതി കണക്ഷൻ നൽകുന്നതിന് മുൻഗണനയും നിയന്ത്രണങ്ങളിൽ ആനുകൂല്യങ്ങളും സർക്കാർ നൽകേണ്ടതാണ്

ഐ.സി.ഡി.പി. യൂണിറ്റുകളിൽ ഡീസൽ ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് 50 ശതമാനമം സബ്സിഡിയോടുകൂടി ധനസഹായം നൽകുന്ന പദ്ധതി സർക്കാർ നടപ്പിലാക്കി. ഇതിനായി ഇതിനകം 2 കോടി രൂപ കയർഫെഡിനെ ഏൽപ്പിച്ചുകഴിഞ്ഞു. വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നതിനുള്ള ഉത്തരവും പുറപ്പെടുവിച്ചു കഴിഞ്ഞു.

17. വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് ക്ഷേമനിധി ബോർഡിന്റെ നിയമത്തിൽ ഭേദഗതി വരുത്തുക, മുൻ കയർത്തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ കേന്ദ്ര സംസ്ഥാന സർക്കാരിൽനിന്ന് ഗ്രാന്റ് ലഭിക്കാൻ നടപടി സ്വീകരിക്കണം

വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തി. ഇപ്പോൾ തൊഴിലാളികളിൽനിന്നും പ്രതിവർഷം 60 രൂപ നിരക്കിൽ ലഭിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

18. കേന്ദ്ര സർക്കാർ, കയർ ബോർഡ്, മറ്റ് ഇതര സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ട ശുപാർശകളും കഴിയുന്നത്ര വേഗം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

അനുബന്ധം III

THE KERALA LAND REFORMS (AMENDMENT) BILL, 1999

(Report of the Subject Committee)

Subject Committee II - Land Revenue, Forests and Fisheries to which the Kerala Land Reforms (Amendment) Bill, 1999 was referred, considered the Bill clause by clause and now submits this, its Report with the Bill as reported by the Committee annexed thereto.

(2) The Kerala Land Reforms (Amendment) Bill, 1999 was published as a Gazette Extraordinary dated March 23, 1999. The Bill was introduced in the Assembly on April 5, 1999 and was referred to the Subject Committee on the same day.

(3) The Committee considered the Bill clause by clause at its meeting held on April 6, 1999.

(4) The Committee recommends to adopt the Bill with the following modifications.

Clause 2

Below the explanation under Section 2 of clause (23 A) proposed to be sustituted by clause 2 of the Bill, the following proviso shall be added namely:-

LIBRARY ARCHIVES Kerala Legislative Assembly